**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4462** **01-07-2024 - ൽ മറുപടിയ്ക്ക്**

**അനധികൃത ക്വാറികളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | രാഷ്ട്രീയ കക്ഷികളുടെയും പോലീസ് വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുടെയും മൗനാനുവാദത്തോടെ അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പരിശോധന നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരം ക്വാറികൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | ക്വാറിയിംഗ് പ്രവർത്തനത്തിന് ആവശ്യമായ സ്ഫോടക വസ്തുക്കൾ നിയമാനുസൃതമായ പരിധിയ്ക്കപ്പുറം കൈവശം വയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. നിയമാനുസൃതമായ പരിധിക്കപ്പുറമോ, അനധികൃതമായോ, സ്ഫോടക വസ്തുക്കൾ വാങ്ങി സൂക്ഷിച്ചിട്ടുണ്ടോ എന്ന് നിശ്ചിത കാലയളവിൽ ക്വാറികളിലും എക്സ്പ്ലോസീവ് ലൈസൻസ് ഉള്ള സ്ഥാപനങ്ങളിലും പോലീസ് അധികാരികൾ പരിശോധനകൾ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ